

"അവനെപ്രതി ഞാൻ സകലതും നഷ്ടപ്പെടുത്തുകയും ഉച്ഛിഷ്ടം പോലെ കരുതുകയുമാണ്. ഇത് ക്രിസ്തുവിനെ നേടുന്നതിനും അവനോടുകൂടെ ഒന്നായി കാണപ്പെടുന്നതിനും വേണ്ടിയത്രേ. "

## ജൂൺ 2015 : വിചിന്തനം -ഫിലിപ്പി : 3 : 8

ആയാസരഹിതമായ ഒരു ജീവിതം കണ്ടെത്തി മനസ്സിലാക്കുന്നതിനും അത് പ്രതീക്ഷിക്കുന്നതിനുമായി ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ജീവിതം, മുൻകൂട്ടി തീരുമാനിച്ചുവെന്നവണ്ണം നമ്മെ ചിട്ടപ്പെടുത്തിയിരിക്കുകയാണ്. സകലവും എളുപ്പത്തിൽ വേണമെന്നത് ഒരു കുറവല്ല; എന്നാൽ ഏറ്റവും കുറച്ച് നൽകി, അനുഗ്രഹങ്ങൾ സമൃദ്ധിയായി വേണമെന്ന് നാം ഇന്ന് ആഗ്രഹിക്കുന്നത് മനസിലാക്കാൻ ഏറെ ബുദ്ധിമുട്ടാണ്. എതെങ്കിലും ഒരു കാര്യത്തിനുവേണ്ടി കഠിനാദ്ധ്വാനം ചെയ്യുന്നതോ കഷ്ടപ്പെടുന്നതോ വലിയ കാര്യമായി തോന്നാത്ത ഒരു അവസ്ഥയിൽ നാം എത്തിനില്ക്കുന്നു. ഇത് നമ്മുടെ വിശ്വാസയാത്രയുടെ കാര്യത്തിലും ഒരു യാഥാർത്ഥ്യമാണ്. ജി.കെ ചെസ്റ്റർടൺ ഒരിക്കൽ കുറിക്കുകൊള്ളുന്ന ഒരു പ്രസ്താവന നടത്തി: "ക്രിസ്തീയ ആദർശം പരീക്ഷിച്ചുനോക്കുകയോ കുറവുകളുള്ളതായി കണ്ടെത്തുകയോ ചെയ്തിട്ടില്ല. അത് പ്രയാസമുള്ളതായി കണ്ടെത്തുകയും പരീക്ഷിച്ചുനോക്കാതെ വിട്ടുകളയുകയും ചെയ്തിരിക്കുയാണ്." നമ്മുടെ കാലഘട്ടത്തിന്റെ ഏറ്റവും വലിയ അപകടം നാം സാധാരണത്വത്തിന് കീഴടങ്ങുന്നുവെന്നതാണ്; പ്രത്യേകിച്ച്, കർത്താവുമായുള്ള നമ്മുടെ ബന്ധത്തിൽ. ഇത് അവിടത്തോടുള്ള നമ്മുടെ സ്നേഹം കുറഞ്ഞു പോയതുകൊണ്ടോ തെറ്റായ കാര്യങ്ങൾ നാം ആഗ്രഹിക്കുന്നതുകൊണ്ടോ അല്ല. മറിച്ച്,സമർപ്പിക്കുവാനോ, വേണ്ടുന്ന വില നല്കാനോ നാം തയ്യാറല്ലാത്തതുകൊണ്ടാണ്.

നമ്മുടെ പ്രതിബദ്ധതകൾ നാമാരാണെന്ന് നിർവചിക്കുന്നു; അത് നാം ഏറ്റെടുക്കുന്ന തീരുമാനങ്ങളെ നിശ്ചയിക്കുന്നു. നാം നമ്മുടെ സമർപ്പണങ്ങൾ നടത്തുന്നു; അപ്പോൾ നമ്മുടെ സമർപ്പണങ്ങൾ നമ്മെ രൂപപ്പെടുത്തുന്നു. ഒരിക്കൽ അവ തിരഞ്ഞെടുത്തു കഴിഞ്ഞാൽ അതിന്റെ ചുവടുപിടിച്ച് നിരവധി മറ്റ് സമർപ്പണങ്ങളും തുടർന്നുണ്ടാവും. നാം യേശുവിനെ പിൻചെല്ലാനുള്ള തീരുമാനമെടുക്കുമ്പോൾ, ജീവിതത്തിലെ മറ്റു പല തീരുമാനങ്ങളും അതിനനുസൃതമായവ ആവണം. അല്ലെങ്കിൽ നമ്മുടെ മുൻ സമർപ്പണം കീഴ്മേൽ മറിയും. മറ്റുവാക്കുകളിൽ, വിശുദ്ധതോമസ് അക്വിനാസ് പറഞ്ഞതുപോലെ, നാം സ്നേഹിക്കുന്ന കാര്യങ്ങൾ നാം എന്താണെന്ന് നമ്മോടു പറയും.

സ്വാർത്ഥമായ വിവിധ ലക്ഷ്യങ്ങൾ മുൻ നിർത്തി നമ്മിൽ മിക്കവരും കർത്താവിനെ സേവിക്കുന്നു. അല്ലെങ്കിൽ അവിടുത്തെ രാജ്യത്തിനുവേണ്ടി വലിയ കാര്യങ്ങൾ ചെയ്യുന്നു. നാം യഥാർത്ഥത്തിൽ സമർപ്പിതരാണോ എന്നു കണ്ടെത്തുന്നതിന് ഈ വചനങ്ങൾ ധൈര്യസമേതം ഏറ്റുപറയേണ്ടിയിരിക്കുന്നു;"അത്തിവൃക്ഷം പൂക്കുന്നില്ലെങ്കിലും, മുന്തിരിയിൽ ഫലങ്ങളില്ലെങ്കിലും, ഒലിവുമരത്തിൽ കായ്കൾ ഇല്ലാതായാലും വയലുകളിൽ ധാന്യം വിളയുന്നില്ലെങ്കിലും ആട്ടിൻകൂട്ടം ആലയിൽ അറ്റുപോയാലും കന്നുകാലികൾ തൊഴുത്തിൽ ഇല്ലാതായാലും ഞാൻ കർത്താവിൽ ആനന്ദിക്കും. എൻെറ രക്ഷകനായ ദൈവത്തിൽ ഞാൻ സന്തോഷിക്കും" (ഹബക്കുക്ക് 3:17-18)

ഏറ്റവും ലളിതമായ ഭാഷയിൽ പറഞ്ഞാൽ, ക്രിസ്തീയ സമർപ്പണമെന്നത് ഒരു ബന്ധമാണ്; തോന്നലുകളോ വികാരങ്ങളോ അതിനെ ബാധിക്കുകയില്ല. എന്നാൽ തീരുമാനങ്ങൾ അതിനെ ഗാഢമാക്കും.